


# മാനവവിഭവശേഷി വികസനം ഇന്ത്യയിൽ

തയ്യാറാക്കിയത് :പ്രകാശ് മണികണ്ഠൻ **PTMYHSS EDAPPALAM**

### **1** മാനവവിഭവം എന്നാൽ എന്ത് **?**

ഉൽപ്പാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവവിഭവം

### **2** മാനവവിഭവശേഷി വികസനം എന്നാൽ എന്ത് **?**

വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനം, നൈപുണിവികസനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവവിഭവശേഷി വികസനം എന്ന് പറയുന്നു.

### **3** മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം **?**

*വ്യക്തികൾ സ്വപരിശ്രമത്തിലൂടെ കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു

*കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു

*വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾഒരുക്കുന്നു

* രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു

**4** മാനവവിഭവത്തിന്റെ ഗണപരമായ സവിശേഷതകൾ എന്തെല്ലാം **?**

*ജനസംഖ്യ വലിപ്പം

*ജനസംഖ്യ വളർച്ച

*ജനസംഖ്യ ഘടന

*ജനസാന്ദ്രത

*ജനനനിരക്ക്

*മരണനിരക്ക്

*പ്രായഘടന

*സ്ത്രീപുരുഷ അനുപാതം

*തൊഴിൽ പങ്കാളിത്ത നിരക്ക്

*ആശ്രയത്വനിരക്ക്

**5** മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ എന്തെല്ലാം **?**

വിദ്യാഭ്യാസം

ആരോഗ്യ പരിപാലനം

സാക്ഷരതാനിരക്ക്

ആയുർദൈർഘ്യം

സാമൂഹികമൂലധനം

**6** ജനസംഖ്യവലുപ്പം എന്നാൽ എന്ത് **?**

ഒരു നിശ്ചിത സമയത്ത് ഒരു രാജ്യത്ത് താമസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണത്തെയാണ് ആ രാജ്യത്തെ ജനസംഖ്യ വലുപ്പം എന്ന് പറയുന്നത്

**7** ജനസംഖ്യ ശാസ്ത്രം എന്നാൽ എന്ത് **?**

ജനസംഖ്യ, അതിന്റെ എണ്ണത്തിൽ വരുന്ന മാറ്റം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവ വിശകലനം ചെയ്യുന്ന സാമൂഹ്യശാസ്ത്ര ശാഖയാണ് ജനസംഖ്യ ശാസ്ത്രം

**8** ജനസംഖ്യ കണക്കെടുപ്പ് എന്നാൽ എന്ത് **?**

ഓരോ രാജ്യവും നിശ്ചിത ഇടവേളകളിൽ രാജ്യത്തെ ജനങ്ങളുടെ എണ്ണം, പ്രായം, ലിംഗം, സാമ്പത്തിക സാമൂഹിക അവസ്ഥ തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയും വിശകലന വിധേയമാക്കുകയും ചെയ്യുന്നതിന് ജനസംഖ്യ കണക്കെടുപ്പ് അഥവാ കാനേഷുമാരി എന്ന് പറയുന്നു

**9** ഇന്ത്യയിൽ സെൻസസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് **?**

പോപ്പുലേഷൻ രജിസ്റ്റർ ആൻഡ് സെൻസസ് കമ്മീഷണറുടെ ഓഫീസ്

**10** ഇന്ത്യയിൽ ജനസംഖ്യ കണക്കെടുപ്പ് നടത്തുന്നത് **?**

പത്തു വർഷത്തിലൊരിക്കൽ

**11** ഇന്ത്യയിൽ അവസാനമായി ജനസംഖ്യ വിവരങ്ങൾ ശേഖരിച്ച് വർഷം **?**

2011 മാർച്ച് ഒന്നാം തീയതി

**12** ജനസംഖ്യ പഠനം നടത്തുന്നത് എന്തിന് **?**

രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയുക

ജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എത്ര എന്നറിയുക

ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്തുക

സാമ്പത്തിക സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുക

**13** ജനസാന്ദ്രത എന്നാൽ എന്ത് **?**

ഒരു ചതുരശ്രകിലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണമാണ് ജനസാന്ദ്രത

**14** ജനസംഖ്യ വളർച്ചനിരക്ക് എന്നാൽ എന്ത് **?**

ജനസംഖ്യ മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധിച്ചു എന്നതാണ് ജനസംഖ്യ വളർച്ച നിരക്ക്

**15** ഒരു രാജ്യത്തെ ജനസംഖ്യയിൽ മാറ്റം വരുത്തുന്ന ഘടകങ്ങൾ എന്തെല്ലാം **?**

*ജനനനിരക്ക്

*മരണനിരക്ക്

*കുടിയേറ്റം

**16** ജനനനിരക്കും മരണനിരക്കും ഒരു രാജ്യത്തെ ജനസംഖ്യ സ്വാധീനിക്കുന്നതെങ്ങനെ **?**

*ജനനനിരക്ക് വർദ്ധിക്കുകയും മരണനിരക്ക് കുറയുകയും ചെയ്യുമ്പോൾ ജനസംഖ്യ വർധിക്കുന്നു.

*ജനനനിരക്ക് കുറയുകയും മരണനിരക്ക് വർദ്ധിക്കുകയും ചെയ്യുമ്പോൾ ജനസംഖ്യ കുറയുന്നു.

*ജനനനിരക്ക് മരണനിരക്കും തുല്യം ആകുമ്പോൾ ജനസംഖ്യയിൽ മാറ്റമുണ്ടാകുന്നില്ല

**17** ജനസംഖ്യ ഘടന എന്നാൽ എന്ത് **?**

ജനസംഖ്യയെ വിവിധ പ്രായക്കാരുടെ ഗ്രൂപ്പുകളായി തിരിച്ച് ആകെ ജനസംഖ്യയിൽ ഓരോ ഗ്രൂപ്പും എത്രയെന്ന് ആനുപാതികമായി വിശേഷിപ്പിക്കുന്നതാണ് ജനസംഖ്യ ഘടന.

0 മുതൽ 14 വയസ്സുവരെയുള്ളവരുടെ ഗ്രൂപ്പ്, 15 മുതൽ 59 വയസ്സ് വരെയുള്ളവരുടെ ഗ്രൂപ്പ്, 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ ഗ്രൂപ്പ് എന്നിങ്ങനെ പ്രായഘടനയുടെ അടിസ്ഥാന ജനസംഖ്യ തരംതിരിച്ചിരിക്കുന്നു

**18** തൊഴിൽ പങ്കാളിത്തനിരക്ക് എന്നാൽ എന്ത് **?**

14 വയസ്സിനും 59 വയസ്സിനും ഇടയിൽ പ്രായമുള്ളവരിൽ തൊഴിൽ ഉള്ളവരും തൊഴിലന്വേഷകരുമായവരുടെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക്

**19** ആശ്രയത്വനിരക്ക് എന്നാൽ എന്ത് **?**

0 മുതൽ 14 വയസ്സുവരെയുള്ള വരും 60 വയസ്സു മുതൽ ഉള്ളവരും ആശ്രയത്വ വിഭാഗത്തിൽപ്പെടുന്നു.

ആകെ ജനസംഖ്യയിൽ ഇവരുടെ അനുപാതത്തെ ആശ്രയത്വനിരക്ക് എന്ന് പറയുന്നു.

**20** പങ്കാളിത്തനിരക്കും ആശ്രയത്വനിരക്കും ആളോഹരിവരുമാനത്തെ സ്വാധീനിക്കുന്നതെങ്ങനെ **?**

പങ്കാളിത്തനിരക്കിൽ ഉൾപ്പെടുന്നവർ രാജ്യത്തിൻറെ പുരോഗതിക്ക് ഗണ്യമായ സംഭാവന ചെയ്യാൻ കഴിവുള്ളവരാണ്.ഇവരുടെ എണ്ണം കൂടുന്നത് ആളോഹരിവരുമാനം വർദ്ധിക്കുന്നതിന് ഇടയാകുന്നു.

എന്നാൽ ആശ്രിത നിരക്കിൽ ഉൾപ്പെടുന്നവർ അധ്വാനശേഷിയുള്ള വിഭാഗത്തെ ആശ്രയിച്ച് കഴിയുന്നവരാണ്. അതിനാൽ ആശ്രയത്വനിരക്ക് വർദ്ധിക്കുന്നത് ആളോഹരിവരുമാനം കുറയുന്നതിന് ഇടയാക്കുന്നു.

**21** സ്ത്രീ പുരുഷ അനുപാതം എന്നാൽ എന്ത് **?**

ആയിരം പുരുഷന്മാർക്ക് എത്ര സ്ത്രീ എന്നതാണ് സ്ത്രീ പുരുഷ അനുപാതം

**22** മാനവശേഷി വികസനം മെച്ചപ്പെടുത്തുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം **?**

*തൊഴിലാളികളുടെ ഉൽപാദനക്ഷമത വർധിപ്പിക്കാൻ

*സാമ്പത്തിക അന്തരം കുറയ്ക്കാൻ

*സംരംഭകത്വം മെച്ചപ്പെടുത്താൻ

* പ്രകൃതിവിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ

*സാമൂഹ്യ ക്ഷേമം ഉറപ്പ് വരുത്താൻ

*മെച്ചപ്പെട്ട സാങ്കേതിക വിദ്യകളുടെ വികസനവും ഉപയോഗവും സാധ്യമാക്കാൻ

**23** വിദ്യാഭ്യാസം മാനവശേഷി വികസനത്തിന് വഴിയൊരുക്കുന്നത് എങ്ങിനെ **?**

ജനസംഖ്യ കൂടുതൽ ഉണ്ടായത് കൊണ്ട് മാത്രം രാജ്യത്ത് വികസനം ഉണ്ടാവണമെന്നില്ല. ശേഷിയും വൈദഗ്ധ്യവുമുള്ള ജനങ്ങൾ ഉണ്ടാവണം. ഇത്തരത്തിൽ വൈദഗ്ധ്യവുമുള്ള ജനങ്ങളെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസത്തിന് പ്രധാന പങ്കുണ്ട്.

വിദ്യാഭ്യാസം **....**

*വ്യക്തിയുടെ കഴിവ് മെച്ചപ്പെടുത്തുന്നു

സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു

മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാൻ ആകുന്നു

ജീവിതനിലവാരം ഉയരുന്നു

**24** വിദ്യാഭ്യാസ അവകാശ നിയമം പാസാക്കിയ വർഷം **?**

2009

**25** വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക **?**

2009 ഇൽ പാസ്സാക്കിയ വിദ്യാഭ്യാസ അവകാശനിയമം വിദ്യാഭ്യാസം മൗലികാവകാശം ആക്കി.

എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കാൻ വിദ്യാഭ്യാസ അവകാശനിയമത്തിന് കഴിഞ്ഞു.

**26** വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്താനായി നമ്മുടെ രാജ്യത്ത് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം **?**

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| സംയോജിത ശിശുവികസന സേവന പരിപാടി (ICDS) | • 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം.<br>• ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം. |
| സമഗ്രശിക്ഷാ അഭിയാൻ (SSA) (എസ്.എസ്.എ, ആർ.എം.എസ്.എ പദ്ധതികൾ സംയോജിപ്പിച്ചാണ് സമഗ്രശിക്ഷ അഭിയാന് രൂപം നൽകിയത്) | • സാർവ്വത്രിക വിദ്യാഭ്യാസം ഹയർസെക്കണ്ടറി വരെ ഉറപ്പു വരുത്തുക.<br>• തുല്യതയും ഗുണനിലവാരവും ഉറപ്പു വരുത്തുക.<br>• തൊഴിലധിഷ്ഠിതവിദ്യാഭ്യാസം പരിപോഷിപ്പിക്കുക.<br>• SCERT/DIETതുടങ്ങിയ അധ്യാപകപരിശീലനകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക. |
| രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA) | • ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക.<br>• ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക. |
| നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം | • യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക.<br>• തൊഴിൽവൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക. |

27 ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങൾ എന്തെല്ലാം **?**

*പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു ഭാഗം വിദ്യാലയങ്ങളിൽ നിന്ന് ഒഴിഞ്ഞു പോകുന്ന വിദ്യാഭ്യാസമേഖലയിലെ

*അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവ്

*വിദ്യാഭ്യാസത്തിൻറെ ഗുണനിലവാരം ഇനിയും മെച്ചപ്പെടാനുണ്ട്

*തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഇനിയും ഫലപ്രദമായി നടപ്പാക്കേണ്ടതുണ്ട്

**28** എന്താണ് ആരോഗ്യം**?** ആരോഗ്യത്തിന് ലോകാരോഗ്യസംഘടന നൽകിയിരിക്കുന്ന നിർവചനം എന്താണ്**?**

ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം

**29** ആരോഗ്യമുള്ള വ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു**?**

ഒരു രാജ്യത്തെ ജനങ്ങൾ ആരോഗ്യം ഉള്ളവരാണെങ്കിൽ

*തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നത് കൊണ്ടും കാര്യക്ഷമത വർധിക്കുന്നത് കൊണ്ടും ഉല്പാദനം കൂട്ടും
*പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാകും.
*ചികിത്സാചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാറിൻറെ ചെലവു കുറയ്ക്കാനും കഴിയും

* ഉൽപാദന വർധനവ് യിലൂടെ സാമ്പത്തിക വികസനവും സാധ്യമാകും

**30** ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ എന്തെല്ലാം **?**

പോഷകാഹാര ലഭ്യത

ശുദ്ധജലലഭ്യത

രോഗപ്രതിരോധ സംവിധാനങ്ങൾ

ശുചിത്വപരിപാലനം

ചികിത്സാസൗകര്യങ്ങൾ

വിനോദവും വിശ്രമവും ഉറപ്പുവരുത്തൽ

ആരോഗ്യകരമായ പരിസ്ഥിതി

**31** ഇന്ത്യയിൽ ചികിത്സാരംഗത്ത് വിവിധതലങ്ങളിലായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം **?**

*മെഡിക്കൽ കോളേജുകൾ

*ജില്ലാ ആശുപത്രി

*സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ

*പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

*ആരോഗ്യ ഉപകേന്ദ്രങ്ങൾ

**32** ദേശീയ നഗരആരോഗ്യമിഷന്റെയും ഗ്രാമീണ ആരോഗ്യമിഷന്റെയും പ്രവർത്തനങ്ങൾ എന്തെല്ലാം ?

ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൽ എല്ലാവർക്കും ലഭ്യമാക്കുന്നതിന് വേണ്ടി ദേശീയ ഗ്രാമീണ ആരോഗ്യ മിഷനും ദേശീയ നഗര ആരോഗ്യമിഷനും പ്രവർത്തിക്കുന്നു.

ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ ഗ്രാമീണ മേഖലയിലാണ് പ്രവർത്തിക്കുന്നത്.

അമ്പതിനായിരത്തിലധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരി നിവാസികൾക്കും, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മെച്ചപ്പെട്ട ആരോഗ്യസേവനങ്ങൾ ദേശീയ നഗര ആരോഗ്യമിഷൻ വഴി ലഭ്യമാക്കുന്നു

